ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 07.12.2024

## പ്രധാനവാർത്തകൾ

1. 100 ദിവസം നീണ്ടു നിൽക്കുന്ന ക്ഷയരോഗ നിർമ്മാർജന യജ്ഞത്തിന് രാജ്യത്ത് തുടക്കമായി.

2. പതിനാറാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി ധനകാര്യ കമ്മീഷൻ അധ്യക്ഷനടങ്ങിയ സംഘം നാളെ കേരളത്തിലെത്തും.

3. ആർച്ച് ബിഷപ് മാർ ജോർജ് കൂവക്കാട് ഇന്ന് കർദ്ദിനാളായി സ്ഥാനാരോഹണം ചെയ്യും. ചടങ്ങിന് സാക്ഷിയാകാൻ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉൾപ്പെടെയുള്ള മലയാളി സംഘം വത്തിക്കാനിൽ.

4. സംസ്ഥാനത്ത് സിനിമ നയം കൊണ്ട് വരുമെന്ന് മന്ത്രി സജി ചെറിയാൻ.

5. ഐ എസ് എൽ ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ്- ബെംഗളൂരു എഫ്.സി പോരാട്ടം ഇന്ന്.

**************************************

## പ്രധാനമന്ത്രി - BAPS

BAPS സന്നദ്ധ പ്രവർത്തക സുവർണ ജൂബിലി ആഘോഷങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി വെർച്ച്വലായി

അഭിസംബോധന ചെയ്തു. അഹമ്മദബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ നടന്ന BAPS കാര്യകർ സുവർണ്ണ മഹോത്സവത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ സംബന്ധിച്ചു. 30 രാജ്യങ്ങളിൽ നിന്നുള്ള ഒരു ലക്ഷം സന്നദ്ധപ്രവർത്തകരാണ് പരിപാടിയിൽ പങ്കെടുക്കുന്നത്.

************************************

## ക്ഷയരോഗ വിമുക്ത ഇന്ത്യ

ക്ഷയരോഗ വിമുക്ത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കാൻ സാധ്യമായതെല്ലാം ചെയ്യുമെന്ന് കേന്ദ്ര മന്ത്രി ജെ പി നദ്ദ. 2025-ഓടെ രാജ്യത്തെ ക്ഷയരോഗ വിമുക്തമാക്കുന്നതിനുള്ള നാഴികക്കല്ലായി ടിബി നിർമാർജന പരിപാടി മാറുമെന്ന് ഹരിയാനയിൽ ദേശീയ ക്ഷയരോഗ നിർമാർജന കാമ്പയിന് തുടക്കം കുറിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. ക്ഷയരോഗികൾക്ക് ആയുഷ്മാൻ ഭാരത്-പ്രധാനമന്ത്രി ജൻ ആരോഗ്യ യോജനയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് ശ്രീ നദ്ദ പറഞ്ഞു. 33 സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും 347 ജില്ലകളിലാണ് കാമ്പയിൻ ആരംഭിച്ചത്. സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ നൂറുദിന തീവ്രയജ്ഞ പരിപാടി മന്ത്രി വീണാ ജോർജ് പത്തനംതിട്ടയിൽ ഉദ്ഘാടനം ചെയ്തു. 'ക്ഷയരോഗ മുക്ത കേരളത്തിനായി ഒരു ജനകീയ മുന്നേറ്റം' എന്ന പേരിലാണ് പദ്ധതി നടപ്പാക്കുന്നത്.

RNU TVPM

************************************

## സായുധ സേനാ പതാക ദിനം

സായുധസേനാ പതാകദിനത്തോടനുബന്ധിച്ച് രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ച ധീരജവാൻമാരുടെ സ്മരണയ്ക്കായി സംസ്ഥാനത്ത് വിവിധയിടങ്ങളിൽ

പരിപാടികൾ സംഘടിപ്പിച്ചു. സായുധസേന പതാക വിൽപനയുടെ ഉദ്ഘാടനം കേരള രാജ് ഭവനിൽ എൻ.സി.സി. കെഡറ്റുകളിൽ നിന്ന് പതാക വാങ്ങി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നിർവഹിച്ചു. സായുധസേനാപതാക വാങ്ങി സൈനിക ക്ഷേമ ബോർഡിന്റെ പതാകദിന ഫണ്ടിലേക്ക് സംഭാവന ചെയ്യാൻ ജനങ്ങളോട് അദ്ദേഹം അഭ്യർത്ഥിച്ചു. വിമുക്തഭടന്മാരുടെയും ആശ്രിതരുടെയും ക്ഷേമത്തിനായാണ് ഈ തുക വിനിയോഗിക്കുക.

***********************************

## സിനിമ നയം - സജി ചെറിയാൻ

സംസ്ഥാനത്ത് സിനിമ നയം കൊണ്ട് വരുമെന്ന് മന്ത്രി സജി ചെറിയാൻ കോഴിക്കോട് പറഞ്ഞു. ഹേമ കമ്മിറ്റി റിപ്പോർട്ട് പ്രകാരം കാര്യങ്ങൾ നടപ്പാക്കുമെന്നും റിപ്പോർട്ടിലെ വിവരാവകാശ കമ്മീഷൻ പറഞ്ഞ വിവരങ്ങൾ പുറത്ത് വിട്ടുവെന്നും അദ്ദേഹം പറഞ്ഞു. റിപ്പോർട്ടിന്മേൽ സർക്കാർ നടപടികൾ സുതാര്യമാണെന്നും മറച്ചുവെക്കാനൊന്നുമില്ലെന്നും മന്ത്രി വ്യക്തമാക്കി. അതേസമയം, ഹേമക്കമ്മിറ്റി റിപ്പോർട്ടിലെ ഒഴിവാക്കിയ ഭാഗങ്ങൾ പുറത്തു വിടുന്നതിൽ ഇന്ന് ഉത്തരവുണ്ടായില്ല.

RNUTVPM

***********************************

## ആർച്ച് ബിഷപ് - ഇൻട്രോ

ആർച്ച് ബിഷപ് മാർ ജോർജ് കൂവക്കാട് ഇന്ന് കർദ്ദിനാളായി ഉയർത്തപ്പെടും. ഇന്ത്യൻ സഭാ ചരിത്രത്തിൽ ആദ്യമായാണ് ഒരു വൈദികൻ നേരിട്ട് കർദ്ദിനാൾ ആകുന്നത്.

ആകാശവാണിക്ക് വേണ്ടി ടോം മാത്യു തയാറാക്കിയ റിപ്പോർട്ട്....

(വോയ്സ്)

*************************************

## കരുതലും കൈത്താങ്ങും

താലൂക്ക് തലത്തിൽ ജനങ്ങളുടെ പരാതികൾ തീർപ്പാക്കുന്നതിനായി സംസ്ഥാനത്ത് നടത്തുന്ന 'കരുതലും കൈത്താങ്ങും' പരാതിപരിഹാര അദാലത്തിന് തിങ്കളാഴ്ച തുടക്കമാകും. അദാലത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ഗവ.വിമെൻസ് കോളേജിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. പോർട്ടൽ വഴി സമർപ്പിച്ച പരാതികളാണ് അദാലത്തിൽ പരിഗണിക്കുന്നത്. അതാത് ജില്ലകളിൽ മന്ത്രിമാർ അദാലത്തിൽ പങ്കെടുക്കും.

RNU TVPM

*************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത "എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

*************************************

## ആകാശവാണി നിലയം

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രതിമാസ പ്രഭാഷണ പരമ്പര നാളെ ആലപ്പുഴ തലവടി ബാലസുബ്രഹ്മണ്യ സ്വാമി

ക്ഷേത്ര ഓഡിറ്റോറിയത്തിൽ നടക്കും. തോമസ് കെ തോമസ് എം.എൽ.എ ഉദ്ഘാടനം നിർവ്വഹിക്കും. കുട്ടനാടിൻറെ ചരിത്രവും വർത്തമാനവും എന്ന വിഷയത്തിൽ പ്രശസ്ത ചരിത്രകാരൻ എം.ജി ശശിഭൂഷൺ പ്രഭാഷണം നടത്തും. ശ്രദ്ധേയ കഥാകൃത്തുക്കൾ പങ്കെടുക്കുന്ന കഥയരങ്ങും ഇതോടനുബന്ധിച്ച് നടക്കും.

*************************************

## കോഴിക്കോട് - ഇൻട്രോ

സംസ്ഥാനത്തെ ആദ്യ സ്കൂൾ ആർട് ഗ്യാലറി കോഴിക്കോട് കാരപറമ്പ് ഗവ സ്കൂളിൽ മന്ത്രി സജി ചെറിയാൻ നാടിന് സമർപ്പിച്ചു. ചിത്രകലയിൽ പുതിയ തലമുറയെകൈ പിടിച്ചുയർത്താൻ നിരവധി കർമ്മപദ്ധതികൾ ലളിതകലാ അക്കാദമി ആവിഷ്കരിക്കുന്നതായി മന്ത്രി സജി ചെറിയാൻ പറഞ്ഞു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.....**

(വോയ്സ്)

*************************************

## ധനകാര്യ കമീഷൻ

പതിനാറാം ധനകാര്യ കമ്മീഷൻ ചെയർമാനും അംഗങ്ങളുമടങ്ങിയ സംഘം നാളെ കേരളത്തിലെത്തും. ഡോ. അരവിന്ദ് പനഗാരിയ ചെയർമാനായ പതിനാറാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതാനായി സംസ്ഥാനങ്ങളിലേക്കുള്ള പഠന യാത്രകളുടെ ഭാഗമായാണ് മൂന്നു ദിവസത്തെ സന്ദർശനം. നാളെ ഉച്ചയ്ക്ക് കൊച്ചിയിലെത്തുന്ന സംഘത്തെ ധനകാര്യ മന്ത്രി കെ എൻ

RNU TVPM

ബാലഗോപാൽ, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ തുടങ്ങിയവർ ചേർന്ന് സ്വീകരിക്കും. തുടർന്ന് കുമരകത്തേയ്ക്ക് യാത്രതിരിക്കും. തിങ്കളാഴ്ച രാവിലെ തിരുവാർപ്പ്, ഐമനം പഞ്ചായത്ത് പ്രദേശങ്ങളടക്കം സന്ദർശിക്കും. ചൊവ്വാഴ്ച കോവളത്ത് മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ കമീഷൻ ചെയർമാനെയും അംഗങ്ങളെയും സ്വീകരിക്കും. 2026 ഏപ്രിൽ ഒന്നുമുതലാണ് കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള ധന വിഹിതങ്ങൾ കേരളത്തിനും ലഭ്യമായി തുടങ്ങുക.

*************************************

## ക്രിക്കറ്റ്

ഇന്ത്യയ്ക്കെതിരെ അഡ്ലെയ്ഡ് ഓവലിൽ നടക്കുന്ന ബോർഡർ-ഗവാസ്കർ ട്രോഫിയുടെ രണ്ടാം ടെസ്റ്റ് മത്സരത്തിൽ ഓസ്ട്രേലിയ ആധിപത്യം തുടർന്നു. രണ്ടാം ദിനം കളി അവസാനിക്കുമ്പോൾ ഇന്ത്യ 5 വിക്കറ്റ് നഷ്ടത്തിൽ 128 റൺസ് എന്ന നിലയിലാണ്. ഓസ്ട്രേലിയ ഒന്നാം ഇന്നിംഗ്സിൽ 337 റൺസിന് പുറത്തായി.

RNU TVPM

*************************************

## ഐഎസ്എൽ

ഐഎസ്എൽ ഫുട്ബോളിൽ ചെന്നൈയിൻ എഫ് സി, ഈസ്റ്റ് ബംഗാൾ എഫ് സി മത്സരം പുരോഗമിക്കുന്നു. നിലവിൽ ഈസ്റ്റ് ബംഗാൾ ഒരു ഗോളിന് മുന്നിലാണ്. ഇന്ന് നടക്കുന്ന രണ്ടാം മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ്- ബെംഗളൂരു എഫ്സിയെ നേരിടും. രാത്രി 7.30ന് ബംഗ്ളൂരുവിലാണ് മത്സരം.

************************************

## കാനന പാത തീർഥാടനം - ഇടുക്കി - ഇൻട്രോ

മണ്ഡലകാലം പകുതി പിന്നിട്ടതോടെ കാനന പാതയിലൂടെ തീർഥാടക പ്രവാഹം. 35000 ലധികം പേരാണ് 18 ദിവസം കൊണ്ട് കാനനപാതയിലൂടെ ശബരിമലയിലെത്തിയത്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

(വോയ്സ്)

************************************

## ശബരിമല - സി സി ടി വി

തിരക്കുവർധിച്ചതോടെ ശബരിമലയിൽ സി സി ടി വി നിരീക്ഷണം ശക്തമാക്കി. പമ്പ മുതൽ സന്നിധാനം വരെയുള്ള പ്രദേശങ്ങളിലാണ് പൊലീസ് പരിശോധനയും സി സി ടി വി നിരീക്ഷണവും ശക്തമാക്കിയത്. തീർഥാടകരുടെ ആവശ്യാനുസരണം മെഡിക്കൽ ടീം, ആംബുലൻസ്, ട്രോളി, അഗ്നി ശമന സേന വിഭാഗം എന്നിവരെ അറിയിക്കാനും സി സി ടി വി ക്യാമറകൾ ഉപയോഗപ്പെടുന്നുണ്ട്.

PNU TVPM

************************************

## ദേശീയ പഞ്ചായത്ത് പുരസ്കാരം

2024ലെ ദേശീയ പഞ്ചായത്ത് പുരസ്കാരത്തിൽ തിളങ്ങി കേരളം. രണ്ട് പുരസ്കാരങ്ങളാണ് കേരളം ഇക്കുറി നേടിയത്. ദാരിദ്ര്യമുക്തവും മെച്ചപ്പെട്ട ഉപജീവനവും ഉറപ്പാക്കുന്ന പദ്ധതികൾ നടപ്പിലാക്കിയതിന് മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ ഗ്രാമപഞ്ചായത്ത് ദേശീയ തലത്തിൽ രണ്ടാം

സ്ഥാനം നേടി. പഞ്ചായത്തുകൾക്ക് പിന്തുണ നൽകുന്ന സ്ഥാപനങ്ങളിൽ കില ഒന്നാം സ്ഥാനം നേടി. ദേശീയ പുരസ്കാരം നേടിയ കിലയെയും പെരുമ്പടപ്പ ഗ്രാമപഞ്ചായത്തിനെയും മന്ത്രി എം ബി രാജേഷ് അഭിനന്ദിച്ചു.

*************************************

## സിറിയ-ജാഗ്രതാ നിർദ്ദേശം

നിലവിലെ സ്ഥിതിഗതികൾ കണക്കിലെടുത്ത് ഇന്ത്യൻ പൗരൻമാർ ഉടൻ സിറിയ വിടണമെന്ന് കേന്ദ്ര വിദേശകാര്യമന്ത്രാലയത്തിന്റെ ജാഗ്രതാ നിർദേശം. ലഭ്യമായ ഏറ്റവും നേരത്തെയുള്ള വിമാനങ്ങളിൽ അവിടെനിന്നു മടങ്ങാൻ പൗരന്മാർ ശ്രമിക്കണം. സിറിയയിലേക്കുള്ള എല്ലാ യാത്രകളും ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ ഇന്ത്യൻ പൗരന്മാർ ഒഴിവാക്കണമെന്നും നിർദ്ദേശമുണ്ട്.

RNU TVPM

*************************************

## മാന്നാർ ജയന്തി വധക്കേസ്

മാവേലിക്കര മാന്നാർ ജയന്തി വധക്കേസിൽ ഭർത്താവിനു വധശിക്ഷ. മാന്നാർ ആലുംമൂട്ടിൽ താമരപ്പള്ളി വീട്ടിൽ ജയന്തിയെ കൊലപ്പെടുത്തിയ കേസിൽ ഭർത്താവായ കുട്ടിക്കൃഷ്ണനെയാണ് വധശിക്ഷക്കു വിധിച്ചത്. മാവേലിക്കര അഡീഷണൽ ജില്ലാ സെഷൻസ് കോടതിയുടേതാണ് വിധി. 2004 ഏപ്രിൽ രണ്ടിനാണ് കേസിനാസ്പദമായ സംഭവം നടന്നത്.

*************************************

## കാർഷിക സെൻസസ്

പതിനൊന്നാമത് കാർഷിക സെൻസസിന്റെ ഭാഗമായി രണ്ടും മൂന്നും ഘട്ട വിവരശേഖരണം സംസ്ഥാന വ്യാപകമായി ആരംഭിക്കുന്നു. സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിനാണ് ജില്ലാ തലത്തിൽ കാർഷിക സെൻസസിന്റെ നടത്തിപ്പ് ചുമതല.

************************************************************

****************************************

************************

RNU TVPM